**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1631** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷിക കടാശ്വാസ കമ്മീഷനിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ എത്ര അപേക്ഷകളിന്മേൽ തീർപ്പ കൽപ്പിക്കാനുണ്ട് എന്ന് വിശദമാക്കുമോ; | (എ) | **31.07.2022 വരെ തീർപ്പ കല്പിച്ചവ കഴിച്ച് ബാക്കി 1,10,592 അപേക്ഷകൾ തീർപ്പ് കല്പിക്കാനുണ്ട്.** |
| (ബി) | കമ്മീഷൻ അവസാനം അപേക്ഷ സ്വീകരിച്ച തീയതി എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | 31.03.2020 |
| (സി) | അപേക്ഷ സ്വീകരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (സി) | **അപേക്ഷകൻ കർഷകനോ കർഷകത്തൊഴിലാളിയോ ആയിരിക്കണം. വാർഷിക വരുമാനം രണ്ട് ലക്ഷത്തിൽ കവിയാൻ പാടില്ല. കർഷകനാണെന്ന് തെളിയിക്കുന്ന കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ അസ്സലും, കരം തീർത്ത രസീതിന്റെ പകർപ്പും, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും, വായ്പ നിലനിൽക്കുന്നു എന്ന് കാണിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റും അപേക്ഷയോടൊപ്പം ഹാജരാക്കണം. ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർ 31.08.2018 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2014 വരെ എടുത്ത വായ്പകൾക്കുമാണ് നിലവിൽ കടാശ്വാസം അനുവദിക്കുന്നത്.** |
| (ഡി) | കമ്മീഷനിൽ ലക്ഷക്കണക്കിന് അപേക്ഷകൾ തീർപ്പ കൽപ്പിക്കാൻ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് പാവപ്പെട്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | **കോവിഡ് മഹാമാരി മൂലം ഒരു വർഷത്തിലേറെ സിറ്റിംഗ് നടത്താൻ കഴിയാതെ വന്നു. അപേക്ഷകളിന്മേൽ വേഗത്തിൽ തീർപ്പ് കല്പിക്കുന്നതിനായി സിറ്റിംഗുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും, ഇപ്രകാരം 7 ജില്ലകളിലെ കേസുകൾ പൂർണ്ണമായി തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ